**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2713** **13-12-2022 - ൽ മറുപടിയ്ക്ക്**

**മസ്റ്ററിംഗ് - മുതിർന്ന പൗരർ നേരിടുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മസ്റ്ററിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മുതിർന്ന പൗരർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ട്രഷറി വകുപ്പ് വാതിൽപ്പടി സേവനം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | **നിലവിൽ ചുവടെ നിർദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് മസ്റ്റർ ചെയ്യുവുന്നതാണ്.**<br>• ട്രഷറിയിൽ നേരിട്ട് ഹാജരായി<br>• ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച്<br>• ജീവൻ പ്രമാൺ പോർട്ടൽ മുഖേന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച്<br>• വാട്ട്സ് ആപ്പ് വീഡിയോ കോൾ വഴി<br>• Postinfo App ഉപയോഗിച്ച്<br>**മേൽ പറഞ്ഞ രീതിയിൽ മസ്റ്റർ ചെയ്യാൻ കഴിയാത്ത ബാങ്ക് വഴിയോ ട്രഷറി വഴിയോ സർവീസ് പെൻഷൻ വാങ്ങുന്ന ശയ്യാവലംബനായ 80 വയസ്സ് കഴിഞ്ഞ ഒരാളാണെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് ബോധ്യപ്പെടുന്ന പക്ഷം ടിയാന്റെ വീട്ടിൽ പോയി മസ്റ്ററിംഗ് നടത്തുന്നതിന് അതാത് ട്രഷറി ഓഫസിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദേശം നൽകി കൊണ്ട് 24/09/2022 ൽ സ.ഉ(കൈ)നം.165/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ബാങ്ക് വഴിയോ ട്രഷറി വഴിയോ പെൻഷൻ വാങ്ങുന്ന ശയ്യാവലംബരായ 80 വയസ്സ് കഴിഞ്ഞ സർവീസ് പെൻഷൻകാർക്ക് / കുടുംബപെൻഷൻകാർക്ക് മസ്റ്ററിംഗ് നടത്തുവാൻ ട്രഷറിയുടെ വാതിൽപ്പടി സേവനം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(കൈ) നം.165/2022/ധന** **തീയതി,തിരുവനന്തപുരം,24/09/2022**

---

പരാമർശം:- ബഹു ധനകാര്യ വകപ്പ് മന്ത്രിയുടെ 2022-2023 ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 419 പ്രകാരമുള്ള പ്രഖ്യാപനം.

## <u>ഉത്തരവ്</u>

പരാമർശം പ്രകാരം, 80 വയസ്സ് കഴിഞ്ഞ സർവീസ് പെൻഷൻകാർക്ക് / കുടുംബ പെൻഷൻകാർക്ക് ട്രഷറിയുടെ വാതിൽപ്പടി സേവനം വഴി മസ്റ്ററിംഗ് നടപ്പാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ബാങ്ക് വഴിയോ ട്രഷറി വഴിയോ പെൻഷൻ വാങ്ങുന്ന സർവീസ് പെൻഷൻകാർക്ക് / കുടുംബ പെൻഷൻകാർക്ക് ചുവടെ സൂചിപ്പിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് നിലവിൽ മസ്റ്റർ ചെയ്യാവുന്നതാണ്.

- ട്രഷറിയിൽ നേരിട്ട് ഹാജരായി
- ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച്
- ജീവൻ പ്രമാൺ പോർട്ടൽ മുഖേന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച്
- Postinfo App ഉപയോഗിച്ച്

മേൽപ്പറഞ്ഞ രീതിയിൽ മസ്റ്റർ ചെയ്യാൻ ബുദ്ധിമുട്ടുള്ള ശയ്യാവലംബരായ 80 വയസ്സ് കഴിഞ്ഞ പെൻഷൻകാർക്ക് / കുടുംബപെൻഷൻകാർക്ക് ചുവടെ സൂചിപ്പിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് മസ്റ്ററിംഗ് ചെയ്യുന്നതിന് വാതിൽപ്പടി സേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. 80 വയസ്സ് കഴിഞ്ഞ് മസ്റ്ററിംഗ് നടത്താത്ത പെൻഷൻകാരുടെ / കുടുംബ പെൻഷൻകാരുടെ പെൻഷൻ വിതരണം നിർത്തലാക്കുന്ന മാസം തന്നെ അക്കാര്യം അറിയിച്ച് ബന്ധപ്പെട്ട ട്രഷറി പ്രസ്തുത പെൻഷണർക്ക് നോട്ടീസ് അനുബന്ധത്തിലുള്ള മാതൃക പ്രകാരം നൽകേണ്ടതാണ്. ഇപ്രകാരം നൽകുന്ന നോട്ടീസിൽ മസ്റ്ററിംഗിന് വാതിൽപ്പടി സേവനം ആവശ്യമുള്ളപക്ഷം പെൻഷണർ / കുടുംബപെൻഷണർ

ബന്ധപ്പെടേണ്ട ട്രഷറിയുടെ മേൽവിലാസം, ഫോൺ നമ്പർ, e-mail ID തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

ii. ആയതിന് മറുപടിയായി പെൻഷണർ / കുടുംബ പെൻഷണർ ശയ്യാവലംബരായതിന്റെ സർക്കാർ സിവിൽ സർജനിൽ താഴെയല്ലാത്ത ഒരു മെഡിക്കൽ ആഫീസറുടെ പക്കൽ നിന്നും ലഭ്യമായ രേഖകൾ ഉൾപ്പെടുത്തി കത്ത് / ഫോൺ / e-mail മുഖാന്തിരം പെൻഷണർ / കുടുംബ പെൻഷണർ / ടിയാളുടെ ബന്ധുക്കൾ ട്രഷറി ഓഫീസർക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

iii. ട്രഷറി ഓഫീസർ പ്രസ്തുത രേഖകൾ പരിശോധിച്ച്, പെൻഷണർ / കുടുംബപെൻഷണർ 80 വയസ്സ് കഴിഞ്ഞ ആളാണെന്നും ശയ്യാവലംബനാണെന്നും ബോധ്യപ്പെടുന്ന പക്ഷം പെൻഷണറുടെ / കുടുംബ പെൻഷണറുടെ താമസസ്ഥലം ആ ട്രഷറിയുടെ പരിധിയിൽ വരുന്നതാണെങ്കിൽ ടിയാനെ സന്ദർശിച്ച് മസ്റ്ററിംഗ് നടത്തുന്നതിന് അതത് ട്രഷറി ഓഫീസിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. താമസ സ്ഥലം മറ്റൊരു ട്രഷറിയുടെ പരിധിയിൽ വരുന്നതാണെങ്കിൽ ടിയാനെ മസ്റ്റർ ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത ട്രഷറി ഓഫീസർക്ക് നിർദേശം നൽകേണ്ടതാണ്.

iv. പെൻഷണറുടെ അപേക്ഷ പരിശോധിച്ച് വാതിൽപ്പടി സേവനത്തിന് അർഹതയുള്ളപക്ഷം കാലതാമസം വരുത്താതെ മസ്റ്ററിംഗ് നടത്തേണ്ടതാണ്.

v. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പെൻഷണറുടെ / കുടുംബ പെൻഷണറുടെ ആധാർ, പാൻ കാർഡ്, മറ്റ് തിരിച്ചറിയൽ രേഖകൾ എന്നിവ ട്രഷറിയിലെ രേഖകളുമായി ഒത്തു നോക്കി ഉറപ്പ് വരുത്തി മസ്റ്ററിംഗ് നടത്തേണ്ടതാണ്.

vi. കേരളത്തിന് പുറത്ത് താമസിക്കുന്ന പെൻഷണർക്ക് / കുടുംബ പെൻഷണർക്ക് ഈ സേവനത്തിന് അർഹതയില്ല.

vii. ശയ്യാവലംബരായ 80 വയസ്സ് കഴിഞ്ഞവർക്ക് മാത്രമാണ് ഈ സേവനത്തിന് അർഹതയുള്ളത്.

viii. മേൽ പ്രകാരം മസ്റ്ററിംഗ് നടത്തുന്നതിനായുള്ള യാത്രാ ചെലവ് അതത് ട്രഷറികളുടെ യാത്രാ ബത്തയ്ക്കുള്ള ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഷിബു. എ**

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II), കേരള, തിരുവനന്തപുരം
ഗവർണ്ണറുടെ സെക്രട്ടറി
മുഖ്യമന്ത്രിമാരുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറികളും സബ് ട്രഷറികളും
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യം (ctfmweb@gmail.com)
സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം (info.prism@kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ-ഫയൽ നമ്പർ 1544002)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

## നോട്ടീസ്

ശ്രീ./ശ്രീമതി.....................................................................................................................(പേര്)
.......................................................……….. ……………………………………………………………...
……………………………………………………………………………………………………...
.....................................................................................................................................
.....................................................................................................................................
.....................(മേൽവിലാസം)…………………………...................................................(പി.പി.ഒ നമ്പർ)..........…………...............................................(ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ), താങ്കളുടെ മസ്റ്ററിംഗ് അവസാനിച്ചിരിക്കുന്നതിനാൽ .........……...….......മാസം 20... /20… മുതൽ പെൻഷൻ നിർത്തൽ ചെയ്തിട്ടുള്ള വിവരം അറിയിച്ചു കൊള്ളുന്നു.

പെൻഷണർ / കുടുംബ പെൻഷണർ ശയ്യാവലംബനായ 80 വയസ്സ് കഴിഞ്ഞ ആളാണെങ്കിൽ മസ്റ്ററിംഗ് നടത്തുന്നതിന് ട്രഷറിയുടെ വാതിൽപ്പടി സേവനം ആവശ്യമുള്ളപക്ഷം ചുവടെ ചേർക്കുന്ന രേഖകൾ സഹിതം മടക്കത്തപാലിൽ / ഇ-മെയിൽ മുഖാന്തിരം ഈ ട്രഷറിയെ നോട്ടീസ് കൈപ്പറ്റി 30 ദിവസത്തിനകം ബന്ധപ്പെടേണ്ടതാണ്.

രേഖകൾ

1. ശയ്യാവലംബനായതിന്റെ മെഡിക്കൽ രേഖകൾ
2. ആധാർ & പാൻ കാർഡിന്റെ പകർപ്പ്
3. മറ്റ് തിരിച്ചറിയൽ രേഖകൾ (ആവശ്യമെങ്കിൽ)
4. പെൻഷണറെ / കുടുംബ പെൻഷണറെ ബന്ധപ്പെടേണ്ട ഫോൺ നമ്പർ
5. പി പി ഒ യുടെ പകർപ്പ്

ഒപ്പ്
ട്രഷറി ഓഫീസറുടെ പേര്
പെൻനമ്പർ
മേൽ വിലാസം
ഫോൺനമ്പർ
e-mail ID

സ്ഥലം :

തീയതി :